(ബി) ഈ സമിതികളുടെ സേവനങ്ങൾ ഓരോ ജില്ലയിലും എത്ര വീതം സംരംഭകർ വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യകതമാക്കുമോ ;

(സി) പുതിയ സംരംഭകർക്ക് ഗ്രീൻ ചാനൽ മുഖേന ലഭ്യമാകുന്ന സബ്സിഡികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2 ലക്ഷം രൂപ വരെ സ്ഥിര മൂലധനമുടക്ക് ആവശ്യമായ വ്യവസായ സംരംഭങ്ങൾക്ക്, ക്ലിയറൻസുകൾ സുഗമമായി ലഭിക്കുന്നതിന് ഗ്രീൻ ചാനൽ ക്ലിയറൻസ് കമ്മിറ്റി സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. ജില്ലാ കളക്ടർ ചെയർമാനും, ജനറൽ മാനേജർ കൺവീനറുമായ ഈ ബോർഡ് സംരംഭങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കേണ്ട ലൈസൻസുകൾ, ക്ലിയറൻസുകൾ, എൻ.ഒ.സി. തുടങ്ങിയവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്നു.

(ബി) 2014-2015 വർഷത്തെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

കോട്ടയം	-	1
തൃശ്ശൂർ	-	33
മലപ്പുറം	-	3
വയനാട്	-	24
കണ്ണൂർ	-	626

(സി) ഗ്രീൻ ചാനൽ മുഖേന സബ്സിഡികൾ നൽകുന്നില്ല.

വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ

265 (614) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായാണ് സഹകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചതിൽ വ്യവസായരംഗം എത്ര ശതമാനം പുരോഗതി പ്രാപിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വരവൂർ വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

266 (615) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ആയത് വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(സി) പ്രസ്തുത വ്യവസായ പാർക്കിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത പ്രോജക്ട് സംസ്ഥാന സർക്കാർ നേരിട്ട് നടപ്പിലാക്കുന്നതാണോ, അതോ മറ്റേതെങ്കിലും കേന്ദ്ര സർക്കാർ ഏജൻസികളുടെ സഹായത്തോടെയാണോ നടപ്പിലാക്കുന്നതെന്നും അതിനാവശ്യമായ ഫണ്ടും അനുമതിയും ലഭ്യമാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ ;

(എഫ്) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ചേലക്കര മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ അനുവദിച്ച 3,00,000 രൂപ വിനിയോഗിച്ച് കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതിയിൽപ്പെടുത്തി 10 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly